# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 586 | 10.06.2014-ൽ മറുപടിയ്ക്ക് |

## കിൻഫ്രയുടെ നേതൃത്വത്തിൽ ഭൂമി ഏറ്റെടുക്കൽ

| ചോദ്യം<br>ശ്രീ. ജി.എസ്. ജയലാൽ | മറുപടി<br>ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
|---|---|
| (എ) ചിറക്കര ഗ്രാമപഞ്ചായത്തിൽ കിൻഫ്രയുടെ നേതൃത്വത്തിൽ ഭൂമി ഏറ്റെടുക്കൽ നടപടി ആരംഭിച്ചപ്പോൾ എത്ര ഏക്കർ സ്ഥലമാണ് നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെട്ടതെന്ന് വ്യക്തമാക്കുമോ; | (എ) പരവൂർ വില്ലേജിൽ 6.06 ഏക്കർ ഭൂമിയും ചിറക്കര വില്ലേജിൽ 40.33 ഏക്കർ ഭൂമിയും ഉൾപ്പെടെ 46.39 ഏക്കർ ഭൂമിയാണ് നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെട്ടിട്ടുള്ളത്. |
| (ബി) പ്രസ്തുത ഭൂപ്രദേശം മേൽപ്പറഞ്ഞ നിയമത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കിത്തരണമെന്ന് കാണിച്ച് പ്രാദേശിക നിരീക്ഷണ സമിതിക്ക് കിൻഫ്ര ഏതു തീയതിയിലാണ് അപേക്ഷ സമർപ്പിച്ചിരുന്നതെന്ന് വ്യക്തമാക്കുമോ ; | (ബി) 27.05.2013 ലാണ് കിൻഫ്ര അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. |
| (സി) മേൽപ്പറഞ്ഞ അപേക്ഷയിന്മേൽ നാളിതുവരെയുള്ള പുരോഗതി അറിയിക്കുമോ; ഭൂമി ഏറ്റെടുക്കൽ നടപടികൾ ഊർജ്ജിതപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ? | (സി) മേൽപ്പറഞ്ഞ അപേക്ഷകൾ പരവൂർ മുനിസിപ്പാലിറ്റിയുടെയും ചിറക്കര ഗ്രാമപഞ്ചായത്തിന്റെയും കീഴിലുള്ള കൃഷി ഓഫീസർമാരുടെ പരിഗണനയിലിരിക്കുകയാണ്. ഭൂമി ഏറ്റെടുക്കൽ നടപടികൾ ഊർജ്ജിതപ്പെടുത്തുവാൻ 04.02.2014 ന് കിൻഫ്ര ബന്ധപ്പെട്ട ഓഫീസർമാരെ നേരിൽകണ്ട് ആവശ്യപ്പെട്ടിട്ടുണ്ട്. |



സെക്ഷൻ ഓഫീസർ